"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മൂവാറ്റുപുഴ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.സോയി ജോണിന്റെ അനധികൃത ഹാജരില്ലായ്മ ക്രമീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.2231/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/11/2020

---

പരാമർശം:- 1) 05/05/2010 തീയതിയിലെ സ.ഉ.(സാധാ) നം.1521/2010/തസ്വഭവ.

2) നഗരകാര്യ ഡയറക്ടറുടെ 21/02/2019 തീയതിയിലെ വി3-10462/16 നമ്പർ ഉത്തരവ് നടപടികൾ.

3) ശ്രീ.സോയി ജോൺ.എം ന്റെ (ഓഫീസ് അറ്റൻഡന്റ്, മൂവാറ്റുപുഴ നഗരസഭ) 17/04/2019 തീയതിയിലെ അവധി അപേക്ഷ.

4) നഗരകാര്യ ഡയറക്ടറുടെ 03/12/2019 തീയതിയിലെ ഇ9/15999/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൂവാറ്റുപുഴ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.സോയി ജോണിന് വിദേശത്ത് പോകുന്നതിനായി 5 വർഷത്തേയ്ക്ക് പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിൻ പ്രകാരം ടിയാൻ 28/05/2010 മുതൽ 27/05/2015 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നുവെന്നും എന്നാൽ ടിയാന്റെ ശൂന്യവേതനാവധി 27/05/2015 ൽ അവസാനിച്ചിട്ടും ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്തതിനാൽ നഗരകാര്യ ഡയറക്ടറുടെ 01/09/2016 ലെ വി3/10462/16 നമ്പർ പ്രകാരം കുറ്റാരോപണ പത്രിക നൽകിയിരുന്നുവെന്നും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് ടിയാനെ 23/05/2017 ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുകയും ടിയാൻ 26/05/2017 ൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തുവെന്നും ടിയാനെതിരെ സ്വീകരിച്ചിരുന്ന നടപടികൾ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അവസാനിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടിയാന് 28/05/2015 മുതൽ 25/05/2017 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി അനുവദിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരമുള്ള ശ്രീ.സോയി ജോണിന്റെ അവധി അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂവാറ്റുപുഴ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.സോയി ജോണിന്റെ അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച അച്ചടക്ക നടപടികൾ പൂർത്തിയായ സാഹചര്യത്തിൽ ടിയാന്റെ

28/05/2015 മുതൽ 25/05/2017 വരെയുള്ള കാലയളവ് ടിയാൻ 28/05/2010 ന് മുമ്പ് ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകാത്തവിധവും അല്ലാത്ത പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകുംവിധവും നോൺ-ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ